# മലയാളത്തിലെ ഒത്തെഴുത്ത് ആത്മകഥകളും അവയുടെ രാഷ്ട്രീയവും

ലിജു ജേക്കബ് കുറിയാക്കോസ്

കൃത്യം ഇരുപത് വർഷങ്ങൾക്ക് മുൻപ് രണ്ടായിരത്തിരണ്ടിലാണ് മലയാളത്തിൽ ശ്രദ്ധനേടിയ രണ്ട് ഒത്തെഴുത്ത് ആത്മകഥകൾ പുറത്തിറങ്ങിയത്. ഇവ രണ്ടും കേരള സമൂഹത്തിലെ അരികുവത്കരിക്കപ്പെട്ട ആളുകൾക്കിടയിൽ നിന്നുള്ള രണ്ട് നേതാക്കളുടേതായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരിക്കുകയും പിന്നീട് പാർട്ടിയുടെ നിശിത വിമര്ശകനായിത്തത്തീരുകയും ചെയ്ത പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ കണ്ടൽ പൊക്കുടൻ എന്ന കല്ലേൻ പൊക്കുടൻ സാഹിത്യകാരനായ താഹ മാടായിയോടൊപ്പം ചേർന്നെഴുതിയ *കണ്ടൽക്കാടുകൾക്കിടയിലെ എന്റെ ജീവിതം* എന്ന കൃതിയും ആദിവാസി ഭൂസമരങ്ങളിൽ കൂടി മലയാള രാഷ്ട്രീയ ഭൂപടത്തിൽ ഒരു ഇടം കണ്ടെത്തിയ സി.കെ. ജാനു ഭാസ്കരാനൊപ്പം ചേർന്നെഴുതിയ *ജാനു: സി.കെ. ജാനുവിന്റെ ജീവിതകഥ* എന്ന കൃതിയും മലയാളത്തിലെ ആത്മകഥകളുടെയും സാഹിത്യത്തിന്റെ തന്നെയും ഗതി തിരിച്ചു വിട്ടു എന്ന് തന്നെ പറയാം.. അതിനുശേഷമുള്ള രണ്ട് പതിറ്റാണ്ടുകളിൽ മലയാളത്തിലിറങ്ങിയത് ഡസൻ കണക്കിന് ഒത്തെഴുത്ത് ആത്മകഥകൾ ആണ് എന്നതും അവയിൽ മുൻപ് പറഞ്ഞവ കൂടാതെ തസ്കരൻ, ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ തുടങ്ങിയ കൃതികൾ മലയാള സാഹിത്യത്തിന്റെ വരേണ്യ, ഉപരിവർഗ സ്വഭാവത്തെ തച്ചുടച്ചു എന്നതും അവയുടെ പ്രസക്തി വ്യക്തമാക്കി തരുന്നുണ്ട്.

എന്നാൽ മലയാളത്തിൽ ഒത്തെഴുത്ത് ആത്മകഥകളെ ഒരു ഴോനർ എന്ന നിലയിൽ അവയുടെ രാഷ്ട്രീയവും തത്വശാസ്ത്രവും വിശകലനം ചെയ്തുകൊണ്ട് പഠനങ്ങൾ വന്നിട്ടുള്ളത് വളരെ കുറച്ച് മാത്രമാണ്. കൊളാബറേറ്റീവ് ഓട്ടോബയോഗ്രഫി (Collaborative Autobiography) എന്ന വാക്കിന് തത്തുല്യമായ പദം പോലും മലയാളത്തിൽ ഉപയോഗിച്ച് കണ്ടിട്ടില്ല. ആത്മകഥയിൽ നിന്നും ജീവചരിത്രത്തിൽ നിന്നും വ്യതിരിക്തമായ ഒരു ഴോനർ എന്ന നിലയിൽ അവയെ കൃത്യമായി വിശദീകരിക്കുന്നത് ഈ ലേഖനത്തിന്റെ ഗതിക്ക് ആവശ്യമായിരിക്കും. ഒരു ജീവിതാഖ്യാനത്തിലെ

ജീവിതത്തെ ഒരാൾ നൽകുകയും ആഖ്യാനത്തെ മറ്റൊരാൾ രൂപപ്പെടുത്തുകയും ചെയ്യുന്ന കൂട്ടെഴുത്ത് പ്രക്രീയയിലാണ് ഓരോ കൂട്ടെഴുത്ത് ആത്മകഥയും രൂപം കൊള്ളുന്നത്.

തോമസ് കൗസർ ഒത്തെഴുത്ത് ആത്മകഥകളെ ജീവിതാഖ്യാനങ്ങളിൽ ആത്മകഥയ്ക്കും ജീവചരിത്രത്തിനും ഇടയിലായാണ് പ്രതിഷ്ഠിക്കുന്നത്. ഒരു വശത്ത് എഴുത്തുകാരനും ആഖ്യാതാവും ആഖ്യാതകവസ്തുവും ഒരാൾ ആയിരിക്കുകയും മറുവശത്ത് ആഖ്യാതവസ്തു ഒരാളും ആഖ്യാതാവും എഴുത്തുകാരനും മറ്റൊരാൾ ആയിരിക്കുകയും ചെയ്യുന്ന ആത്മകഥയ്ക്കും ജീവചരിത്രത്തിനും ഇടയിൽ തന്നെയാണ് ഒത്തെഴുത്ത് ആത്മകഥയുടെ സ്ഥാനം. ഇത്തരം ആത്മകഥകളിലെ എഴുത്തുകാരന്റെയും ആഖ്യാതാവിന്റെയും സഹകരണത്തിന്റെ തോതിൽ വ്യത്യസ്ഥതകൾ ഉണ്ടായിരിക്കാം എങ്കിലും രണ്ട് ശബ്ദങ്ങൾ ഒരേ സമയം ഒരു അഭിമുഖത്തിൽ എന്നതുപോലെ ആഖ്യാനത്തിലേക്ക് കടന്നു വരുന്നില്ല എന്നതിനാൽ ആഖ്യാനത്തെ നയിക്കുന്നതിൽ ആഖ്യാതാവിനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്.

സാധാരണയായി കൂട്ടെഴുത്ത് പ്രയോജനപ്പെടുത്തുക രണ്ട് തരം ജീവിതങ്ങളുടെ ആഖ്യാനത്തിനായാണ്.. സ്വന്തമായി എഴുത്തുകാർ അല്ലാത്ത സെലിബ്രിറ്റികൾ, അല്ലെങ്കിൽ സാമുദായികമോ ജാതീയമോ ലിംഗപരമോ രാഷ്ട്രീയപരമോ ആയ പിന്നോക്കാവസ്ഥ മൂലം എഴുത്തിലേക്ക് കടക്കാൻ സാധിക്കാതിരുന്ന കീഴാളർ എന്നിങ്ങനെ രണ്ട് വിഭാഗം ആളുകൾ ആണ് ഒത്തെഴുത്ത് ആത്മകഥകൾ എഴുതുന്നത് എന്ന് സാമാന്യമായി പറയാം. എന്നാൽ ഈ രണ്ട് കൂട്ടർക്കും ഈ പ്രക്രീയയിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും തെരഞ്ഞെടുപ്പ് അധികാരവും തമ്മിൽ വലിയ അന്തരമുണ്ട്. സെലിബ്രിറ്റികൾക്ക്, ആഖ്യാതാവ് എന്ന നിലയിലുള്ള സ്വാതന്ത്ര്യം നഷ്ടമാവുന്നു എങ്കിലും സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയപരവുമായ മേൽക്കോയ്മ മൂലം അതിനെ മറികടക്കാൻ സാധിക്കുന്നതാണ്.

ചരിത്രപരമായി എഴുത്തിൽ നിന്നും ജ്ഞാനോത്പാദന മേഖലകളിൽ നിന്ന് തന്നെയും പൂർണമായി ഒഴിവാക്കപ്പെട്ടിരുന്ന കീഴാളർക്ക് സ്വജീവിതങ്ങളെ പ്രകാശനം ചെയ്യുവാനുള്ള അവസരം എന്ന നിലയിൽ

കീഴാള കൂട്ടെഴുത്ത് ആത്മകഥകളെ പ്രകീർത്തിക്കാറുണ്ട് എങ്കിലും ആഖ്യാനത്തിൽ അവർ നേരിട്ടേക്കാവുന്ന വിവേചനപരമായ സമീപനം കൂട്ടെഴുത്ത് ആത്മകഥകളുടെ രാഷ്ട്രീയം സങ്കീർണമാക്കുന്നുണ്ട്. കേരളത്തിന്റെ എഴുത്തിന്റെയും മലയാളി സ്വത്വത്തിന്റെയും ചരിത്രം തന്നെ കീഴാള ജീവിതങ്ങളെ അരികുവത്കരിക്കുന്ന ഒന്നാകുമ്പോൾ കമ്പോളവും പരമ്പരാഗത മൂല്യങ്ങളും നിയന്ത്രിച്ചുവരുന്ന പ്രസാധന പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയം മറിച്ചാകുവാൻ സാധ്യതയില്ല.

എന്നാൽ കീഴാള ഒത്തെഴുത്ത് ആത്മകഥകളിൽ എഴുത്തുകാരൻ ആഖ്യാതാവിന് മേൽ പുലർത്തുന്ന അധികാരത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ അത്തരം ആത്മകഥകളുടെ അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്തേക്കാം. ഓസ്ട്രേലിയൻ അബൊറിജിനലുകൾ അമേരിക്കയിലെ ആഫ്രിക്കൻ അമേരിക്കൻ അടിമകളുടെ ജീവിതാഖ്യാനങ്ങളെ മുൻ നിർത്തി മുഡുറുറു, ജെയിംസ് ഓൾനീ, സോൻയാ കേസ്ലർ മുതലായവർ നടത്തുന്ന വിലയിരുത്തലുകൾ നമ്മുടെ കീഴാള കൂട്ടെഴുത്തുകളുടെ കാര്യത്തിലും പ്രസക്തമാണ്. വരേണ്യമായ ആഖ്യാന പാടവമുള്ള, കീഴാള പരിസരങ്ങൾക്ക് വെളിയിൽ നിന്ന് അതിനെ നോക്കിക്കാണുക മാത്രം ചെയ്യുന്ന ഒരു അപരന്, ഒരു കീഴാളന്റെ ജീവിതാഖ്യാനത്തിൽ പുലർത്തുന്ന അധികാരം, ഒരേ സമയം ആ ജീവിതത്തെ കമ്പോളത്തിന്റെയും വരേണ്യതയുടെയും വാർപ്പുകളിൽ നിന്ന് കൊണ്ട് അത്തരം ആഖ്യാനങ്ങളെ രൂപപ്പെടുത്തുവാൻ സാധിച്ചേക്കും. പ്രബല സംസ്കാരം കീഴാള സ്വത്വത്തിന്റെ മാതൃകകളെ നിർമിക്കുകയും അവയുടെ പ്രചാരം നിയന്ത്രിക്കുകയും ചെയ്യുന്നത് ഇത്തരം ജീവിതാഖ്യാനങ്ങളിൽ കൂടിയാണ് (കേസ്ലർ 1998).

അങ്ങനെ അനിയന്ത്രിതമോ തുല്യതാരഹിതമോ ആയ ഇത്തരം ഒത്തെഴുത്തുകൾ പ്രസാധന ലോകവും കമ്പോളവും നിർണയിക്കുന്ന ചില വാർപ്പുകൾക്ക് കീഴിൽ നിലകൊള്ളേണ്ടി വരുന്നുണ്ട്. ഇത് വ്യക്തമാക്കുന്നതാണ് കല്ലേൻ പൊക്കുടന്റെ ൨൦൦൨ പ്രസിദ്ധം ചെയ്ത ആത്മകഥ. താഹ മാടായിയുമൊപ്പം ചേർന്ന് എഴുതപ്പെട്ട ആ കൃതിയിൽ ജാതി വിവേചനവുമായി ബന്ധപ്പെട്ടുള്ള പൊക്കുടന്റെ അനുഭവങ്ങളെ താൻ തന്നെ തിരസ്കരിച്ചു എന്ന് താഹ മാടായി വ്യക്തമാക്കിയിട്ടുണ്ട്. അത്തരത്തിലുള്ള അഭാവങ്ങൾ മുൻ_നിർത്തിയാണ് പൊക്കുടൻ തനിക്ക്

രണ്ടാമതൊരു ആത്മകഥ സ്വന്തം മകനോടൊപ്പം ചേർന്ന് രചിച്ചത്. ഒരു പച്ച മനുഷ്യൻ അഥവാ പ്രകൃതി സ്നേഹി എന്ന നിലയിൽ മാത്രം തന്റെ അനുഭവങ്ങളെ ഒതുക്കിക്കൊണ്ടുള്ള ആദ്യ രചനയിൽ അദ്ദേഹത്തിന്റെ കേരളത്തിലെ ജാതിയെക്കുറിച്ചും ഇടത്പക്ഷത്തെകുറിച്ചുമുള്ള നിശിത വിമര്ശനങ്ങള് ഒഴിവാക്കിയിരുന്നു. കേരളത്തിലെ ഉപരി-മധ്യവർഗങ്ങളുടെ പരിസ്ഥിതി സംരക്ഷണം എന്ന കാമനയ്ക്കുള്ളിൽ ഒരേസമയം അരികുവത്കരിക്കപ്പെട്ടതും എന്നാൽ സ്വീകാര്യനായ വ്യക്തിയെ നിർമ്മിക്കുവാനുള്ള ശ്രമമായിരുന്നു ആ ഗ്രന്ഥം എന്നാണ് രഞ്ജിത്ത് തങ്കപ്പന് അഭിപ്രായപ്പെടുന്നത്. പൊക്കുടനെ പച്ച മനുഷ്യനായും ഗ്രാമ്യനായും 'ഒതുക്കുന്ന' ആ രചന ഒത്തെഴുത്ത് ആത്മകഥയുടെ പ്രശ്നങ്ങളെ ഉയർത്തി കാട്ടുന്ന ഒന്നാണ്.

ഒരു കീഴാളൻ സ്വീകാര്യൻ ആകേണ്ടതുണ്ട് എങ്കിൽ രാഷ്ട്രീയ വിമര്ശനമോ ആധുനിക ചിന്തയോ ഒഴിവാക്കി പ്രകൃതിയോട് ചേർന്ന് ജീവിക്കേണ്ടതുണ്ട് എന്ന പാഠമാണ് പൊക്കുടന്റെ ആത്മകഥ നൽകുന്നത്. സംസ്കാരത്തിന്റേതായ യാതൊരു കലർപ്പും കലരാത്ത കുലീന കിരാതൻ എന്ന അങ്ങെയറ്റം റേസിസ്റ് ആയ യൂറോപ്യൻ സങ്കൽപനത്തെ കേരളത്തിന്റെ പരിസ്ഥിതിയിലേക്കും പൊക്കുടൻ എന്ന വ്യക്തിയിലേക്കും പറിച്ചു നടാനുള്ള ശ്രമം കൂടിയാണ് ആ ആഖ്യാനം. അങ്ങനെ അരാഷ്ട്രീയവാദിയായ, പരിസ്ഥിതിയിലേക്ക് തന്റെ ചിന്തയെ 'ഒതുക്കിയ', മലയാളം നന്നായി അറിയാത്ത, അസാധാരണക്കാരനായ ഒരു സാധാരണക്കാരനായി, ഒരു ആഖ്യാനവസ്തുവായി ആ ജീവിതത്തെ എഴുത്തുകാരൻ ചുരുക്കുന്നു. അതിനുപയോഗിക്കുന്ന ഭാഷയാകട്ടെ എഴുത്തുകാരന്റെ തന്നെ വാക്കുകളിൽ അലങ്കാരശൂന്യവും ആകൃതിമവും ആയിരുന്നു. കണ്ടലിലേക്ക് ഒതുങ്ങിപ്പോയ ഒരു അടയാളപ്പെടുത്തൽ.

**ഗ്രന്ഥസൂചി**

Huggan, G. (2003). *The Post-Colonial Exotic: Marketing the Margins* (1st ed.). London and New York: Routledge.

Kurtzer, S. (1998). Wandering Girl: who defines “authenticity” in Aboriginal literature? *Southerly*, *58*(2), 20–29.

Manoj, M. B. (2013). Pennu, Dalit Atmarachanakalude Swathwam. In K. P. Ravi & A. P (Eds.), *Kallen Pokkudan: Karuppu, Chuvappu, Pacha* (First, pp. 83–92). Thrissur: Green Books Pvt. Ltd.

Olney, J. (1984). " I Was Born ": Slave Narratives , Their Status as Autobiography and as Literature. *Callaloo*, *20*(20), 46–73.

Thankappan, R. (2018). Life, History and Politics: Kallen Pokkudan's two autobiographies and the Dalit print imaginations in Keralam. In J. K. Abraham & J. Misrahi-Barak (Eds.), *Dalit Literatures in India* (Second, pp. 204–215). London and New York: Routledge.